## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1696** **20-06-2024 - ൽ മറുപടിയ്ക്ക്**

## വരൾച്ചയിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കഠിനമായ വരൾച്ചമൂലം സംസ്ഥാനത്ത് ഈ വർഷമുണ്ടായ കൃഷിനാശം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | 2024 ഫെബ്രുവരി - മെയ് മാസങ്ങളിൽ ഉണ്ടായ കടുത്ത വരൾച്ച മൂലം കേരളത്തിലെ എല്ലാ ജില്ലകളിലും വ്യാപകമായ കൃഷി നാശം സംഭവിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം 46587 ഹെക്ടറിൽ കൃഷിനാശം സംഭവിച്ചതായും 257.12 കോടി രൂപയുടെ നേരിട്ടുള്ള നഷ്ടവും 118.69 കോടി രൂപയുടെ പരോക്ഷ നഷ്ടവുമുണ്ടായതായി വരൾച്ച മൂലമുള്ള കൃഷിനാശം വിലയിരുത്തിയ വിദഗ്ധ സംഘം റിപ്പോർട്ട് നൽകിയിട്ടുണ്ട്. ബ്ലോക്ക് തല വിദഗ്ധ സമിതിയുടെ റിപ്പോർട്ട് പ്രകാരം പ്രധാന കാർഷിക ജില്ലകളായ ഇടുക്കി, വയനാട്, പാലക്കാട്, തൃശ്ശൂർ ഉൾപ്പെടെ എല്ലാ ജില്ലകളിലും അതിരൂക്ഷമായ വരൾച്ചയും ഉഷ്ണതരംഗവും മൂലം പ്രധാന ഭക്ഷ്യ വിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, പഴവർഗങ്ങൾ, പയറുവർഗങ്ങൾ മുതലായവയും ഏലം, കുരുമുളക്, കാപ്പി, കൊക്കോ, അടയ്ക്ക, തെങ്ങ് ഉൾപ്പെടെയുള്ള നാണ്യ തോട്ടവിളകൾക്കും കനത്ത നാശനഷ്ടം സംഭവിച്ചു. ജലസേചന സ്രോതസ്സുകളെല്ലാം വറ്റി വരളുകയും, വിളവെടുക്കാറായ ഫലവർഗങ്ങൾ ഉണങ്ങി ശുഷ്കിച്ച് വില്പനയോഗ്യമല്ലാതാകുകയും ചെയ്തു. പ്രധാന വിളകളിൽ നെല്ല് 6369 ഹെക്ടർ, വാഴ 2884 ഹെക്ടർ, കുരുമുളക് 3182 ഹെക്ടർ, തെങ്ങ് 521 ഹെക്ടർ, ഏലം 30536 ഹെക്ടർ എന്നിവയ്ക്ക് നേരിട്ടും പരോക്ഷമായും നാശനഷ്ടം സംഭവിച്ചു. ഇടുക്കി മേഖലയിൽ ഏലത്തിനു വ്യാപകമായ നാശനഷ്ടം സംഭവിച്ചു. 15731 ഹെക്ടറിലെ ഏലം കൃഷി പൂർണമായും നശിച്ചു പോയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | വിളനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) | കൃഷി നാശം സംഭവിച്ച കർഷകർക്ക് ചുവടെ പറയുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>**1)** പ്രകൃതിക്ഷോഭം പദ്ധതി പ്രകാരമുള്ള ആനുകൂല്യം<br>പ്രകൃതിക്ഷോഭം പദ്ധതിയിൽ ഉഷ്ണതരംഗം മൂലമുണ്ടായ കൃഷി നാശത്തിനു ചെറുകിട നാമമാത്ര കർഷകർക്കും, |

വൻകിട കർഷകർക്ക് 2 ഹെക്ടർ വരെയുള്ള കൃഷി നാശത്തിനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ആനുകൂല്യവും സംസ്ഥാന വിഹിതവും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഇതിനായി ഉഷ്ണതരംഗം വിഭാഗത്തിൽ ഉൾപ്പെടുത്തി കൃഷിനാശത്തിനുള്ള ആനുകൂല്യത്തിന് അപേക്ഷിക്കുന്നതിനായി പ്രാഥമിക വിവര റിപ്പോർട്ട് (FIR) സമർപ്പിക്കുന്നതിന് എയിംസ് പോർട്ടലിൽ 07.06.2024 വരെ സംവിധാനം ഒരുക്കുകയും, കൃഷി നാശം സംഭവിച്ച കർഷകർക്ക് എയിംസ് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിനുള്ള തീയതി 30.06.2024 വരെ ദീർഘിപ്പിക്കുകയും ചെയ്തു. കർഷകർ എയിംസ് പോർട്ടലിൽ അപേക്ഷ സമർപ്പിച്ചു വരുന്നു.

ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയും, സോഷ്യൽ മീഡിയ മുഖേനയും കർഷകർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്.

പ്രത്യേക ക്യാമ്പയിൻ മുഖേന കർഷകർ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

**2)** സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം

നിശ്ചിത പ്രീമിയം ഒടുക്കി സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് വരൾച്ച മൂലമുണ്ടായ കൃഷി നാശത്തിനു മാനദണ്ഡ പ്രകാരം നിശ്ചിത നിരക്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 3314 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**3)** കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന വിള ഇൻഷുറൻസ് പദ്ധതി

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന വിള ഇൻഷുറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് വിജ്ഞാപനം ചെയ്ത Term ഷീറ്റുകൾ പ്രകാരം കാലാവസ്ഥ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ വിളയ്ക്കും നിശ്ചയിച്ചിട്ടുള്ള തുക നടത്തിപ്പ് ഏജൻസിയായ അഗ്രിക്കൾച്ചറൽ

| | | | |
|---|---|---|---|
| | | | ഇൻഷ്വറൻസ് കമ്പനി മുഖേന നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കൂടാതെ വരൾച്ച മൂലം ഉണ്ടായ നാശനഷ്ടം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനും ആവശ്യമായ പിന്തുണ ഉറപ്പാക്കുവാനും കാർഷിക ഉല്പാദന കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു ഉന്നത സമിതി ഉടൻ തന്നെ കേന്ദ്ര കൃഷി വാണിജ്യ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ